**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3534** **14.10.2011-ൽ മറുപടിക്ക്**

## കാസർകോട് മാലിന്യസംസ്കരണ പ്ലാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) | |
| എ) | ക്ലീൻ കേരള മിഷന്റെ ധനസഹായത്തോടെ കാസർകോട് ജില്ലയിൽ ഏതെല്ലാം നഗരസഭകളിലാണ് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ; | എ) | ക്ലീൻ കേരള മിഷന്റെ (ശുചിത്വ മിഷന്റെ) ധനസഹായത്തോടെ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നീലേശ്വരം എന്നീ നഗരസഭകളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതികളുടെ നിർമ്മാണച്ചുമതല ആർക്കായിരുന്നു ; | ബി) | കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്ന സ്ഥാപനമാണ് ഈ രണ്ടു നഗരസഭകളിലേയും മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ ചുമതലയേറ്റിരുന്നത്. |
| സി) | പദ്ധതിയുടെ നിർമ്മാണം അത് വിഭാവനം ചെയ്ത രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ടോ ; | സി) | കാഞ്ഞങ്ങാട് നഗരസഭയിൽ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ നീലേശ്വരം നഗരസഭയിൽ പ്ലാന്റ് പൂർത്തിയാക്കിവരുന്നു. |
| ഡി) | പ്രസ്തുത പദ്ധതികൾ പൂർണ്ണമായ തോതിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ ; | ഡി) | ഇല്ല. കാഞ്ഞങ്ങാട് നഗരസഭയിൽ മാലിന്യ സംസ്കരണ പ്ലാന്റിന്റെ പണി ഏറ്റെടുത്ത സ്ഥാപനം പ്രവൃത്തി പൂർത്തിയാക്കാതെ തന്നെ ഉപേക്ഷിക്കുകയുണ്ടായി. നീലേശ്വരം നഗരസഭയിലെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ പണി പൂർത്തിയാക്കി വരുന്നു. |

| | | | |
|---|---|---|---|
| ഇ) | ഇവയുടെ പ്രവർത്തനവും നിർമ്മാണവും സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ; | ഇ) | ആവശ്യപ്പെട്ടിട്ടുണ്ട്. |
| എഫ്) | എങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തുമോ ? | എഫ്) | കാഞ്ഞങ്ങാട് നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ